**എ.വൈ.ആർ**

ഇസ്‌ലാമിക കവികൾ ആളുകളെ അനാവശ്യമായി ആക്ഷേപിക്കാനും അവഹേളിക്കാനും കാവ്യപ്രതിഭയെ ദുർവിനിയോഗം ചെയ്യുകയില്ല. അനുവാചക മനസ്സുകളെ അധമവികാരങ്ങൾ വളർത്തി മലിനമാക്കുകയില്ല. സത്യവിശ്വാസത്താലും സൗന്ദര്യാനുഭൂതിയാലും വിമലീകരിക്കുകയും പ്രകാശപൂരിതമാക്കുകയുമായിരിക്കും അവരുടെ കവിതാ ലക്ഷ്യം. അനുവാചകരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂല്യനിഷേധവും പ്രചോദിപ്പിക്കുന്ന കവിതകൾ പൈശാചികമാണ്.



إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَذَكَرُوا اللَّهَ كَثِيرًا وَانْتَصَرُوا
مِنْ بَعْدِ مَا ظُلِمُوا ۗ وَسَيَعْلَمُ الَّذِينَ ظَلَمُوا أَيَّ مُنْقَلَبٍ يَنْقَلِبُونَ
﴿٢٢٧﴾

227. എന്നാൽ സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും അക്രമിക്കപ്പെട്ടപ്പോൾ ചെറുത്തുനിൽക്കുകയും ചെയ്യുന്ന കവികൾ മുൻചൊന്ന ദുഷ്ടകവികളിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. അതിക്രമങ്ങൾ ചെയ്തവർ അടുത്തുതന്നെ അറിയുന്നുണ്ട്; തങ്ങൾ പരിണമിക്കുന്നത് എന്തൊരു ഭീകരമായ പരിണതിയിലേക്കാണെന്ന്.

**227**

(എന്നാൽ) സത്യധർമങ്ങൾ അംഗീകരി(ക്കുകയും)ച്ചവരൊഴിച്ച് = إِلَّا الَّذِينَ آمَنُوا

സൽക്കർമങ്ങൾ ആചരി(ക്കുകയും)ച്ചവരും = وَعَمِلُوا الصَّالِحَاتِ

അല്ലാഹുവിനെ അധികമധികം സ്മരി(ക്കുകയും)ച്ചവരും = وَذَكَرُوا اللَّهَ كَثِيرًا

അതിജയിച്ചവരും ഒഴിച്ച്(ചെറുത്തുനിൽക്കുകയും ചെയ്യുന്ന കവികൾ മുൻചൊന്ന ദുഷ്ട കവികളിൽനിന്ന് ഒഴിവാകുന്നു) = وَانْتَصَرُوا

അടുത്തുതന്നെ അറിയുന്നുണ്ട് = وَسَيَعْلَمُ അവർ അക്രമിക്കപ്പെട്ട(പ്പോൾ)ശേഷം = مِنْ بَعْدِ مَا ظُلِمُوا ۗ

അതിക്രമങ്ങൾ ചെയ്തവർ = الَّذِينَ ظَلَمُوا

ഏത്, എന്ത് മാറ്റമാണ്, മടക്കമാണ് (എന്തൊരു ഭീകരമായ പരിണതിയിലേക്കാണ്) = أَيَّ مُنْقَلَبٍ

അവർ മടങ്ങുന്നത് (പരിണമിച്ചുകൊണ്ടിരിക്കുന്നത്) = يَنْقَلِبُونَ

തൊട്ടുമുമ്പത്തെ സൂക്തങ്ങൾ ഇസ്‌ലാമിക കവികളിലുളവാക്കിയ ഒരാശങ്ക ദൂരീകരിച്ചുകൊണ്ട് സൂറഃ സമാപിക്കുകയാണ്. ഹസ്സാനുബ്നു സാബിത്, അബ്ദുല്ലാഹിബ്നു റവാഹ, കഅ്ബുബ്നു മാലിക്, കഅ്ബുബ്നു സുഹൈർ എന്നിങ്ങനെ പ്രവാചക ശിഷ്യന്മാരിലും കുറേ കവികളുണ്ടായിരുന്നു. കവികളുടെ ആരാധകർ ആഭാസന്മാരാണെങ്കിൽ; തങ്ങൾ ആഭാസന്മാരുടെ ആചാര്യന്മാരാണെന്നു വരുമോ, തങ്ങളുടെ കാവ്യരചന പാപമാകുമോ എന്നൊക്കെയായിരുന്നു ആശങ്ക. ഇസ്‌ലാമിക കവികളുടെ കാവ്യ വിഷയങ്ങൾ മദ്യവും മദിരാക്ഷിയും ശൃംഗാരവും, ഓരോ ഗോത്രങ്ങളുടെ പൂർവികരുടെ ഉള്ളതും ഇല്ലാത്തതുമായ വീരസാഹസികതകളുമായിരുന്നില്ല. ഗോത്രങ്ങളെ തമ്മിലടിപ്പിച്ചു മുതലെടുക്കാൻ അവർ ശ്രമിച്ചില്ല. സത്യവിശ്വാസവും സന്മാർഗ ജീവിതവും ദൈവകീർത്തനങ്ങളുമായിരുന്നു അവരുടെ മുഖ്യ പ്രമേയങ്ങൾ. ഒപ്പം, പ്രവാചകനെയും ഇസ്‌ലാമിനെയും ആക്ഷേപിച്ചുകൊണ്ട് ജാഹിലീ കവികൾ പ്രചരിപ്പിക്കുന്ന കവിതകൾക്കു കവിതയിലൂടെ തന്നെ മറുപടി നൽകലും. മുൻ സൂക്തങ്ങൾ വിമർശിച്ച ദുഷ്ട കവികളുടെ ഗണത്തിൽ ഇസ്‌ലാമിക കവികൾ ഉൾപ്പെടുന്നില്ലെന്നു വ്യക്തമാക്കുന്ന തോടൊപ്പം കവികളോടും കവിതയോടുമുള്ള ഖുർആന്റെ നിലപാടും ഈ സൂക്തങ്ങളിൽ പ്രകാശിതമാകുന്നു. ആനന്ദദായകമായ ആവിഷ്കാരോപാധി എന്ന നിലയിൽ ഇതര സാഹിത്യ-കലാരൂപങ്ങൾ പോലെ തന്നെയാണ് കവി

തയും. അനുവാചകനിൽ ഉളവാക്കുന്ന രസാനുഭൂതിയും അവന്റെ ജീവിതത്തിൽ സൃഷ്ടിക്കുന്ന സ്വാധീനവും എത്തരത്തിലുള്ളതാണ് എന്നതിനെ ആശ്രയിച്ചാണ് കവിയും കവിതയും, നല്ലതും ചീത്തയുമാകുന്നത്. ഏകദൈവത്വവും കർമ സംസ്കാരവും ദൈവവിചാരവുമാണ് ഇസ്‌ലാമിക സൗന്ദര്യശാസ്ത്രത്തിന്റെ അടിത്തറ. ഈ ആശയങ്ങളുടെ സൗന്ദര്യം ആവിഷ്കരിക്കുകയും അനുഭൂതി അനുവാചകനിലേക്ക് സംക്രമിപ്പിക്കുകയും മൊത്തത്തിൽ ഇസ്‌ലാമിക മൂല്യങ്ങളെ പ്രചോദിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കവിതകൾ ഉത്തമ കവിതകളും അതിന്റെ രചയിതാക്കൾ ആദരണീയരുമാകുന്നു. പ്രവാചക കാലഘട്ടം മുതൽ ഇന്നോളം ഇത്തരം ധാരാളം വിശിഷ്ട കവികൾ ഉണ്ടായിട്ടുണ്ട്. പൂർവ കാലത്ത് ഇമാം ബൂസ്വീരിയും ആധുനിക കാലത്ത് അഹ്മദ് ശൗഖിയും മികച്ച ഉദാഹരണങ്ങളാണ്. കേരളത്തിൽ മാപ്പിളപ്പാട്ടുകൾ എന്ന പേരിൽ ധാരാളം ദീനീ കവിതകൾ വിരചിതമായിട്ടുണ്ട്. 'മാപ്പിള' ഭാഷയിലായതിനാൽ അവക്ക് മറ്റു സമുദായങ്ങളെ വേണ്ടവണ്ണം ആകർഷിക്കാനായില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മർഹൂം പൊൻകുന്നം സെയ്തു മുഹമ്മദ് ശുദ്ധ മലയാള ഭാഷയിൽ ഒരു നബിചരിത മഹാകാവ്യം രചിക്കുകയുണ്ടായി. പ്രമേയം മുഹമ്മദ് നബിയായതുകൊണ്ടോ എന്തോ മലയാള സാഹിത്യ പണ്ഡിതന്മാരും നിരൂപകരും അതിനെ അവഗണിച്ചുകളഞ്ഞു. കാവ്യപ്രതിഭ കൊണ്ട് അവഗണനയെയും തമസ്കരണത്തെയും അതിജീവിച്ച് ആഗോളപ്രശസ്തനായ ഇസ്‌ലാമിക കവിയാണ് അല്ലാമാ ഇഖ്ബാൽ. ജലാലുദ്ദീൻ റൂമിയെപ്പോലുള്ള സൂഫി കവികൾ ചരിത്രപ്രസിദ്ധരാണ്. ഇത്തരം കവിതകളെയാണ് الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَذَكَرُوا اللَّهَ كَثِيرًا എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. ذَكَرُوا اللَّهَ كَثِيرًا എന്ന വാക്യത്തിന്റെ താൽപര്യം, അവർ ധാരാളമായി അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കും എന്നു മാത്രമല്ല; പ്രത്യുത അവരുടെ കവിതകൾ അനുവാചകരിൽ ദൈവവിചാരവും അവനോടുള്ള ഭക്തിയും വിധേയത്വവും വളർത്തുന്നതായിരിക്കും എന്നുകൂടിയാണ്.

ഇസ്‌ലാമിക കവികൾ ആളുകളെ അനാവശ്യമായി ആക്ഷേപിക്കാനും അവഹേളിക്കാനും കാവ്യപ്രതിഭയെ ദുർവിനിയോഗം ചെയ്യുകയില്ല. അനുവാചക മനസ്സുകളെ അധമവികാരങ്ങൾ വളർത്തി മലിനമാക്കുകയില്ല. സത്യവിശ്വാസത്താലും സൗന്ദര്യാനുഭൂതിയാലും വിമലീകരിക്കുകയും പ്രകാശപൂരിതമാക്കുകയുമായിരിക്കും അവരുടെ കവിതാ ലക്ഷ്യം. അനുവാചകരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂല്യനിഷേധവും പ്രചോദിപ്പിക്കുന്ന കവിതകൾ പൈശാചികമാണ്. എത്ര ആകർഷകമായ വാക്കുകളിൽ ആവിഷ്കരിക്കപ്പെട്ടാലും അതു സൗന്ദര്യാവിഷ്കാരമാകുന്നില്ല; വൈരൂപ്യത്തിന്റെയും തിന്മയുടെയും ആവിഷ്കാരമേ ആകൂ. ഇത്തരം കവിതകളെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി മുസ്‌ലിം ഉദ്ധരിക്കുന്നു; 'നിങ്ങളിലൊരുവന്റെ അകം ചീഞ്ചലം കൊണ്ട് നിറയുന്നത് കവിതകൊണ്ട് നിറയുന്നതിനേക്കാൾ ഉത്തമമാകുന്നു.' അനുവാചകർക്ക് വെളിച്ചവും വിവേകവും നൽകുന്ന കവിതകളെക്കുറിച്ച് പ്രവാചകൻ പ്രസ്താവിച്ചു; 'കവിതകളിൽ തത്ത്വജ്ഞാനമുണ്ട്' (*അഹ്മദ്, അബൂദാവൂദ്*). 4: 148 ലെ لَا يُحِبُّ اللَّهُ الْجَهْرَ بِالسُّوءِ مِنَ الْقَوْلِ إِلَّا مَنْ ظُلِمَ -തിന്മകൾ പറഞ്ഞു പരസ്യമാക്കുന്നത് അല്ലാഹുവിന് ഇഷ്ടമില്ലാത്തതാകുന്നു, മർദിതനല്ലാതെ- എന്ന വാക്യം മറ്റു സാഹിത്യ ശാഖകൾക്കും വാർത്തകൾക്കുമെന്നപോലെ കാവ്യത്തിനും ബാധകമാകുന്നു.

എന്നാൽ ഇസ്‌ലാം വിരുദ്ധ ശക്തികൾ ഇസ്‌ലാമിനെ അധിക്ഷേപിക്കുകയും പ്രവാചകനെയും വേദത്തെയും അപകീർത്തിപ്പെടുത്തുകയും അതുവഴി ജനങ്ങളെ ദീനിൽനിന്ന് അകറ്റുകയും ചെയ്യാൻ കാവ്യകലയെ ഉപയോഗിക്കുമ്പോൾ അവരെ അതേ രീതിയിൽ പ്രതിരോധിക്കാൻ ഇസ്‌ലാമിക കവികൾ ബാധ്യസ്ഥരാകുന്നു. അതാണ് وَانْتَصَرُوا مِنْ بَعْدِ مَا ظُلِمُوا എന്ന വാക്യത്തിന്റെ സാരം. ജാഹിലീ കവികൾ ഇസ്‌ലാമിനെയും പ്രവാചകനെയും അധിക്ഷേപിക്കുന്ന കവിതകൾ പാടി പ്രചരിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പ്രവാചകൻ ഹസ്സാനുബ്നു സാബിതിനെപ്പോലുള്ള കവികളായ ശിഷ്യന്മാരോട് അവരെയും ആക്ഷേപിച്ചു പാടാൻ നിർദേശിച്ചതായി ഹദീസുകളിൽ കാണാം. ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ പറയുന്നു. സൂറ *അശ്ശുഅറാഉ*ലെ കവികളെ വിമർശിക്കുന്ന സൂക്തങ്ങളെക്കുറിച്ച് കവിയായ പ്രവാചക ശിഷ്യൻ കഅ്ബുൽ അഹ്ബാർ പ്രവാചകനോട് ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: 'സത്യവിശ്വാസി തന്റെ വാളുകൊണ്ടും നാവുകൊണ്ടും സമരം ചെയ്യും. എന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ, നിങ്ങൾ പ്രക്ഷേപിക്കുന്നത് അവർക്ക് അമ്പുകൊള്ളുന്നതുപോലെ കൊള്ളും' (*മുസ്നദ് അഹ്മദ്*). ഇമാം മുസ്‌ലിം അബൂഹുറയ്റയിൽനിന്ന് ഉദ്ധരിക്കുന്നു: റസൂൽ(സ) മിമ്പറിൽ പ്രസംഗിക്കുമ്പോൾ, അറബികൾ പറഞ്ഞ ഏറ്റം സത്യമായ വചനം കവി ലബീദിന്റെ ألا كل شيء ما خلا الله باطل- അറിയുവിൻ, അല്ലാഹു വല്ലാത്തതെല്ലാം മിഥ്യയാകുന്നു- എന്ന വരിയാണ് എന്ന് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അബൂ അംറുബ്നു അശ്ശരീദ് പറഞ്ഞതായി മുസ്‌ലിം ഉദ്ധരിക്കുന്നു: ഒരു ദിവസം ഞാൻ റസൂൽ തിരുമേനിയുടെ പിന്നിലിരുന്നു സഞ്ചരിക്കുകയായിരുന്നു. അദ്ദേഹം എന്നോടു ചോദിച്ചു: 'ഉമയ്യത്തുബ്നു അബിസ്സ്വൽതിന്റെ കവിതകളിൽ വല്ലതും നിനക്കറിയുമോ?' ഞാൻ പറഞ്ഞു: 'അറിയാം.' അദ്ദേഹം: 'എങ്കിൽ പാടൂ.' ഞാൻ ഒരു ഈരടി പാടിയപ്പോൾ കൂടുതൽ പാടാൻ തിരുമേനി വീണ്ടും വീണ്ടും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ ഞാനദ്ദേഹത്തിന് നൂറ് ഈരടികൾ പാടിക്കൊടുത്തു. ഉമയ്യത്തത് ദാർശനികനായതുകൊണ്ടാണ് നബി(സ) അദ്ദേഹത്തിന്റെ കവിതകൾ ഏറെ കേൾക്കാൻ ഇഷ്ടപ്പെട്ടതെന്ന് ഇമാം ഖുർത്വുബി പറയുന്നു. അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അവസരമുണ്ടായിട്ടില്ലെങ്കിലും 'ഉമയ്യത്ത് മുസ്‌ലിമാവാൻ അടുത്തിരുന്നു' എന്നു പ്രവാചകൻ പ്രസ്താവിച്ചതായും ഖുർത്വുബി ഉദ്ധരിക്കുന്നു. നബി(സ) പ്രസ്താവിച്ചതായി ഇമാം ബുഖാരി തന്റെ 'അദബുൽ മുഫ്റദി'ൽ ഉദ്ധരിക്കുന്നു: 'കവിത വചനത്തിന്റെ സ്ഥാനത്താകുന്നു. അതിൽ നല്ലത് സദ്വചനം പോലെയും ദുഷിച്ചത് കെടുവചനം പോലെയുമാകുന്നു.'

ഉപരിസൂചിത പ്രമാണങ്ങളെ ആധാരമാക്കി പണ്ഡിതന്മാർ കവിതയോടുള്ള ഇസ്‌ലാമിക സമീപനം ഇങ്ങനെ നിർധാരണം ചെയ്തിരിക്കുന്നു: മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ മിതവും മധ്യമവുമായ നിലപാടാണ് ശർഇന് കവിതയോടുമുള്ളത്. അത് നല്ലതോ ചീത്തയോ ആകുന്നത് ഉള്ളടക്കത്തെ ആശ്രയിച്ചാകുന്നു. നന്മയെ പ്രചോദിപ്പിക്കുകയും തിന്മയോട് വൈമുഖ്യമുണ്ടാക്കുകയും ചെയ്യുന്ന കവിത ഉത്തമകവിതയാണ്. നേരെ മറിച്ചുള്ളത് ദുഷ്ട കവിതയും. ആവിഷ്കാരസ്വാതന്ത്ര്യം അതിരില്ലാത്തതല്ല.

അതിലും അതിരുകൾ മാനിക്കുകയും മിതത്വം പാലിക്കുകയും ചെയ്യേണ്ടതുണ്ട്. സംസാരിക്കാനുള്ള സ്വാതന്ത്ര്യം കള്ളങ്ങളും ആഭാസങ്ങളും പറഞ്ഞു പരത്താനും, ആളുകളുടെ അഭിമാനം പിച്ചിച്ചീന്താനും തമ്മിലടിപ്പിക്കാനും പാവന മൂല്യങ്ങളെ ചവിട്ടിമെതിക്കാനും ഉപയോഗിച്ചുകൂടാ. സാമാന്യ സംസാരത്തിനെന്നപോലെ പ്രസംഗത്തിനും പ്രബന്ധത്തിനും കവിതക്കും കഥക്കും നാടകത്തിനും മറ്റു കലാരൂപങ്ങൾക്കുമെല്ലാം ഇതു ബാധകമാണ്. കള്ളങ്ങളും ആഭാസങ്ങളും ചമൽക്കാര സുന്ദരമായ ഭാഷയിൽ അവതരിപ്പിച്ചാൽ സത്യവും സഭ്യവുമാവില്ല. ആവിഷ്കാര സ്വാതന്ത്ര്യം ആ വിധം ദുർവ്യയം ചെയ്യപ്പെടുമ്പോൾ തടയേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാകുന്നു. മറ്റുള്ളവരുടെ അഭിമാനത്തെയും വികാരത്തെയും ധാർമിക-സദാചാര മൂല്യങ്ങളെയും എങ്ങനെ ബാധിച്ചാലും ശരി, അതിനൊക്കെ മീതെയാണ് കലാകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യം എന്ന നിലപാട് ഇസ്‌ലാം അംഗീകരിക്കുന്നില്ല.

പ്രവാചകൻ(സ) കവിത രചിച്ചിട്ടില്ലെങ്കിലും ഉത്തമ ഗീതങ്ങൾ കേൾക്കാൻ തൽപരനായിരുന്നു. ശിഷ്യന്മാരിൽ പലരും കവികളാണ്. ചിലർ കവികളല്ലെങ്കിലും കവിതാ പ്രേമികളും പാടി രസിക്കുന്നവരുമായിരുന്നു. പിൽക്കാല ഇസ്‌ലാമിക പണ്ഡിതന്മാരിൽ ഒട്ടേറെ വിശിഷ്ട കവികളുണ്ടായിട്ടുണ്ട്. ശാഫിഈ മദ്ഹബിന്റെ ആചാര്യനായ ഇമാം ശാഫിഈ പ്രതിഭാധനനായ കവി കൂടിയായിരുന്നു. നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയെ നിരാകരിക്കുകയും ചെയ്യുന്ന സൗന്ദര്യാനുഭൂതി സംക്രമിപ്പിക്കുന്നതായിരുന്നു അവരുടെ ആവിഷ്കാരങ്ങൾ. അശ്ലീലം പ്രചരിപ്പിക്കുന്നതും മൂല്യനിഷേധപരവും ആളുകളുടെ അഭിമാനം ഹനിക്കുന്നതും വികാരം വ്രണപ്പെടുത്തുന്നതും പകയും വിദ്വേഷവും വളർത്തി സമൂഹത്തിൽ സംഘർഷം സൃഷ്ടിക്കുന്നതുമായ കവിതകൾ രചിക്കുന്നതും അത്തരം കവിതകൾക്ക് ചെവികൊടുക്കുന്നതും അവർ വിലക്കി. പണത്തിനുവേണ്ടി വ്യക്തികളെ സ്തുതിക്കുന്ന ഗീതങ്ങളും അവരുടെ പ്രതിയോഗികളെ അവഹേളിക്കുന്ന ആക്ഷേപഹാസ്യങ്ങളും വിലക്കപ്പെട്ടതിൽ ഉൾപ്പെടുന്നു. രണ്ടിലും ധനം മോഹിച്ച് കവി അമിതമായ അതിശയോക്തികളും അസത്യങ്ങളും പാടുമെന്നതാണ് കാരണം. എന്നാൽ സാധാരണ ഗതിയിൽ അതിശയോക്തിപരമായ അലങ്കാരങ്ങളും രൂപകങ്ങളും ഉപയോഗിക്കുന്നത് തെറ്റാവുകയില്ല എന്ന് ഇബ്നുൽ അറബി പ്രസ്താവിച്ചിരിക്കുന്നു.

പണത്തിനുവേണ്ടി സ്തുതിഗീതങ്ങളും ആക്ഷേപ കവിതകളും രചിക്കുന്നതിൽനിന്ന് മാറ്റിനിർത്തുന്നതിനുവേണ്ടി ഖലീഫ ഉമറുബ്നു അബ്ദിൽ അസീസ് കവികൾക്ക് അടുത്തൂൺ ഏർപ്പെടുത്തുകയുണ്ടായി. വ്യക്തികളെ സ്തുതിക്കുന്നതും ആക്ഷേപിക്കുന്നതുമായ കവിതകൾ രചിക്കരുത് എന്ന വ്യവസ്ഥയിൽ അദ്ദേഹം പ്രമുഖ കവി ഫറസ്ദഖിന് നാലായിരം ദിർഹം കൊടുത്തു. മദീനയിലെ കവിയായിരുന്ന അഹ്‌വസ്സിന് നൂറ് ദീനാറാണ് കൊടുത്തത്. ഉമറുബ്നു അബ്ദിൽ അസീസിനെ സ്തുതിച്ചു പാടിയ കവിയായിരുന്നു ജരീർ. എന്നിട്ടും ജരീറും അംറുബ്നു ലജഈതൈമിയും പരസ്പരം ശകാരിച്ചുകൊണ്ടും പരസ്ത്രീ ഗമനം ആരോപിച്ചുകൊണ്ടും കവിതകൾ പാടിയപ്പോൾ ഖലീഫ ശിക്ഷിക്കുകയുണ്ടായി. കുലസ്ത്രീകളെക്കുറിച്ച് അശ്ലീല കവിതകൾ പാടി നടന്ന ഉമറു ബ്നു അബീറബീഅയെ അദ്ദേഹം ദഹ്‌ലക്കിലേക്ക് നാടുകടത്തി. എന്നാൽ പരസ്ത്രീകളുമായുള്ള രതിക്രീഡകൾ വർണിക്കുന്ന കവികളെ വ്യഭിചാരം സമ്മതിച്ചവരായി പരിഗണിച്ച് ശിക്ഷിച്ചിരുന്നില്ല. അവർ ചെയ്യാത്തത് പറയുന്ന നീചകവികളായി പരിഗണിക്കപ്പെട്ടിരുന്നു.

وَسَيَعْلَمُ الَّذِينَ ...... എന്ന സമാപനവാക്യം وَانْتَصَرُوا مِنْ بَعْدِ مَا ظُلِمُوا എന്ന വാക്യത്തിന്റെ അനുബന്ധവും പ്രവാചകനെയും മുസ്‌ലിംകളെയും അധിക്ഷേപിച്ചുകൊണ്ടിരുന്നവർക്കുള്ള താക്കീതുമാകുന്നു. സാരമിതാണ്: ഇസ്‌ലാമിനെ ആക്രമിക്കുന്ന മർദകരെ അവരുപയോഗിക്കുന്ന ആയുധമുപയോഗിച്ചുതന്നെ ചെറുത്തു തോൽപിക്കണം. അധിക്ഷേപിക്കുകയും അപഹസിക്കുകയും ചെയ്യുന്നവരോട് അതേ ഭാഷയിൽ തന്നെ പ്രതികരിക്കാം. എന്നാൽ വിശ്വാസികളുടെ ചെറുത്തുനിൽപു കൊണ്ടു മാത്രം അവരുടെ പരാജയം പൂർണമാകുന്നില്ല. അക്രമികളെയും മർദകരെയും അതിനേക്കാൾ ഗുരുതരവും ഭയാനകവുമായ പരിണതി കാത്തിരിക്കുന്നുണ്ട്. അനതിവിദൂരമായ ഭാവിയിൽ അധിക്ഷേപിച്ചു പാടിയ കവികൾക്ക് മക്ക വിട്ട് ഓടിപ്പോകേണ്ടിവന്നു. ചിലർ പിന്നീട് പശ്ചാത്താപവിവശരായി പ്രവാചകന്റെ കാൽക്കൽ വന്നു ക്ഷമാപണം ചെയ്തു. അങ്ങനെ ചെയ്യാത്തവരെ മരണാനന്തര ജീവിതത്തിലെ ശോചനീയമായ ശിക്ഷ ഇനിയും കാത്തിരിക്കുന്നുണ്ട്. ഇബ്നു കസീർ പറയുന്നു: എല്ലാ അക്രമികൾക്കും മർദകർക്കും പാകമായതാണ് ഈ സൂക്തം. ആഇശ(റ)യിൽനിന്നുള്ള ഒരു നിവേദനം അതു സാക്ഷ്യപ്പെടുത്തുന്നു: എന്റെ പിതാവ് തന്റെ വസ്വിയ്യത്തിൽ എഴുതി: ബിസ്മില്ലാഹിർറഹ്മാനിർറഹീം; അബൂബക്റു ബ്നു അബീ ഖുഹാഫ ഇഹലോകവാസം വെടിയുമ്പോൾ, അവിശ്വാസികൾ വിശ്വസിക്കുകയും കുറ്റവാളികൾ വിരമിക്കുകയും വ്യാജന്മാർ സത്യം പറയുകയും ചെയ്യുന്ന കാലഘട്ടത്തിൽ ചെയ്യുന്ന വസ്വിയ്യത്താണിത്. ഉമറു ബ്നുൽ ഖത്ത്വാബിനെ ഞാൻ നിങ്ങൾക്ക് ഖലീഫയായി നിശ്ചയിച്ചിരിക്കുന്നു. അദ്ദേഹം നീതി നടത്തുകയാണെങ്കിൽ അതാണ് അദ്ദേഹത്തെക്കുറിച്ച് എന്റെ ആഗ്രഹവും പ്രതീക്ഷയും. അദ്ദേഹം അന്യായം ചെയ്യുകയും നീതിയിൽനിന്ന് വ്യതിചലിക്കുകയുമാണെങ്കിൽ എനിക്ക് അഗോചര ജ്ഞാനമില്ലല്ലോ -وَسَيَعْلَمُ الَّذِينَ ظَلَمُوا أَيَّ مُنْقَلَبٍ يَنْقَلِبُونَ .

مرجع (മടക്കസ്ഥാനം, പരിണതി) ന്റെ അർഥത്തിലാണ് ഇവിടെ منقلب ഉപയോഗിച്ചിരിക്കുന്നത്. മാറ്റവും പരിവർത്തനവുമാണ് انقلاب. ഉർദു ഭാഷയിൽ ഈ പദം വിപ്ലവം എന്ന അർഥത്തിൽ ഉപയോഗിക്കുന്നു. അതാണ് രാഷ്ട്രീയക്കാർ മുഴക്കാറുള്ള ഇങ്കിലാബ്. അറബിയിൽ പക്ഷേ വിപ്ലവത്തിന് ثورة എന്നാണ് പറയാറുള്ളത്. മർജിഉം മുൻഖലബും തമ്മിലുള്ള വ്യത്യാസം ഇതാണ്: നിലവിലുള്ളതിൽനിന്ന് നേർവിപരീതമായതിലേക്ക് നീങ്ങുകയാണ് മുൻഖലബ്. നിലവിലുള്ള അവസ്ഥയിൽനിന്ന് നേരത്തേ ഉണ്ടായിരുന്ന അവസ്ഥയിലേക്ക് മടങ്ങുകയാണ് മർജിഅ്. മർജിഅ്കളെല്ലാം മുൻഖലബുമായിരിക്കും. എന്നാൽ എല്ലാ മുൻഖലബുകളും മർജിഅ് ആയിരിക്കുകയില്ല. 'അയ്യ മർജിഇൻ യർജിഊൻ' എന്നു പറയുന്നത് പൂർവാവസ്ഥയിലേക്കുള്ള മടക്കത്തെക്കുറിച്ച അറിയിപ്പാണ്. ഇപ്പോഴുള്ള സൗഭാഗ്യാവസ്ഥക്കു നേർവിപരീതമായ മഹാദൗർഭാഗ്യാവസ്ഥയിലേക്കായിരിക്കും മടക്കം എന്ന ആശയം പ്രകാശിപ്പിക്കുന്ന ശൈലിയാണ് أَيَّ مُنْقَلَبٍ يَنْقَلِبُونَ എന്നത്. ●